©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2023 ജനുവരി 20<br>20th January 2023<br>1198 മകരം 6<br>6th Makaram 1198<br>1944 പൌഷം 30<br>30th Pousha 1944 | നമ്പർ<br>No. | 252 |



### കുന്നംകുളം നഗരസഭ

### വിജ്ഞാപനം

- 14667/15 *2023 ജനുവരി 19*

<u>2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ (2016 ലെ 9) 36 – ാം വകുപ്പ് (4) – ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്</u>

താഴെപ്പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ കുന്നംകുളം മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളില്ലാതെ സ്വീകരിച്ചത്, കുന്നംകുളം മുനിസിപ്പൽ കൗൺസിൽ ഔദ്യോഗിക വെബ് സൈറ്റായ ww.kunnankulammunicipality.lsgkerala.gov.in - ൽ 2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016 ലെ 9) 36 – ാം വകുപ്പിന്റെ 4 – ാം ഉപവകുപ്പ് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

ഫോറം IV

[ചട്ടം 19 (2) കാണുക]

കുന്നംകുളം മുനിസിപ്പൽ കൗൺസിൽ

വടക്ക് – പോർക്കുളം, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തുകൾ
കിഴക്ക് – ചൊവ്വന്നൂർ, ചൂണ്ടൽ ഗ്രാമപഞ്ചായത്തുകൾ
തെക്ക് - കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ഗുരുവായൂർ നഗരസഭ
പടിഞ്ഞാറ് - ഗുരുവായൂർ നഗരസഭ, വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ബാധകമല്ല.

(ബി) പ്രസിദ്ധീകരിച്ച നഗരാസൂത്രണ പദ്ധതികൾ

1. ഡീറ്റെയിൽഡ് ടൌൺ പ്ലാനിംഗ് സ്കീം ഫോർ സെൻട്രൽ ഏരിയ പാർട്ട് – 1
2. ഡീറ്റെയിൽഡ് ടൌൺ പ്ലാനിംഗ് സ്കീം ഫോർ സെൻട്രൽ ഏരിയ പാർട്ട് – 11

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ കാരണ സഹിതം വിശദീകരിക്കുക.

ഇല്ല.

(ഡി) നില നിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

ഇല്ല.

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതു ജനങ്ങൾക്ക് പരിശോധനയ്ക്കായി കുന്നംകുളം മുനിസിപ്പൽ കൌൺസിൽ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താൽപര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങൾക്കും അഭിപ്രായങ്ങൾക്കും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തിയ്യതി മുതൽ അറുപത് ദിവസത്തിനകം കുന്നംകുളം മുനിസിപ്പൽ കൌൺസിൽ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016 ലെ 9) 61 – ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്ക് അനുസൃതമല്ലാതെ യാതൊരാൾക്കും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(ഒപ്പ്) സെക്രട്ടറി
കുന്നംകുളം നഗരസഭ

(ഒപ്പ്) ചെയർപേഴ്സൺ
കുന്നംകുളം നഗരസഭ